## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1069   10.08.2017 – ൽ മറുപടിക്ക്**

# പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരപരിശോധന നടത്തിയും, പരിപാലന കാലയളവ് വർദ്ധിപ്പിച്ചും നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഗുണ നിലവാര പരിശോധന നടത്തിയും പരിപാലന കാലയളവ് വർധിപ്പിച്ചും നിർമാണ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിങ് പൊതുമരാമത്ത് മാനുവൽ പ്രകാരം ചെയ്യുന്നുണ്ട്. റോഡുകളുടെ നിർമ്മാണവും പരിപാലനവും സംബന്ധിച്ച് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി നിർമ്മാണ പ്രവൃത്തികൾക്ക് Defect Liability Periodനിശ്ചയിച്ചിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ നിലവിൽ പൂർത്തീകരിച്ചതും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ |

എല്ലാ പ്രവൃത്തികളിലും ഗുണനിലവാരം ഉറപ്പ വരുത്തുന്നുണ്ട്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ഉദ്യോഗസ്ഥർ അതാതു സമയം പരിശോധനകൾ നടത്തുകയും ഗുണനിലവാരം ഉറപ്പ വരുത്തുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ തന്നെ ഗുണനിലവാര പരിശോധനകൾ ലാബുകളിലൂടെ നടത്താറുമുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യുമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടത്തി വരുന്ന പ്രവൃത്തികളുടെ പരിപാലന കാലയളവ് നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) റോഡ് നിർമ്മാണം നടത്തുന്ന വേളയിൽ തന്നെ റോഡിന്റെ ഇരു വശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) റോഡ് നിർമ്മാണം നടത്തുന്ന വേളയിൽത്തന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിൽ റോഡ് നിർമ്മിക്കുന്ന സമയത്തു തന്നെ ഇരുവശവും അനുയോജ്യമായ മെറ്റീരിയൽ ഉപയോഗിച്ച് പേവ്ഡ് ഷോൾഡർ, ഹാർഡ് ഷോൾഡർ. |

എർത്തേൺ ഷോൾഡർ, ഡ്രെയിനേജ്, ഫുട്പാത്ത് എന്നിവ നിർമ്മിച്ച് റോഡിന്റെ ഇരുവശവും സംരക്ഷിക്കാറുണ്ട്.